**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശ നൽകുന്നതിനായി "2216-80-800-89-(NP)" എന്ന ശീർഷകത്തിലുള്ള തുക മാറിനൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 954 /15/തസ്വഭവ തിരുവനന്തപുരം, തീയതി:27/03/2015

=================================================================

പരാമർശം:- 1) 07/11/2009-ലെ സ.ഉ(എം.എസ്)നം207/09/തസ്വഭവ.

2) 03.03.2014-ലെ സ.ഉ (സാധാ)നം. 631/14/തസ്വഭവ.

3) പഞ്ചായത്ത് ഡയറക്ടറുടെ 13.01.2015-ലെ ജെ.2-35445/10 നമ്പർ കത്ത്.

4) ഗ്രാമവികസന കമ്മീഷണറുടെ 6.03.2015-ലെ 23688/ജെ.ആർ.വൈ1/13/ സി.ആർ.ഡി. നമ്പർ കത്ത്.

5) നഗരകാര്യ ഡയറക്ടറുടെ 26/3/2015-ലെ ഡി.സി.4 – 15794/14 നമ്പർ കത്ത്.

## ഉത്തരവ്

ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ "2216-80-800-89(NP)" എന്ന ശീർഷകത്തിലുള്ള 40,00,00,000/- (നാൽപ്പത് കോടി) രൂപ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും, നഗരസഭ/കോർപ്പറേഷനുകൾക്കും താഴെപ്പറയും പ്രകാരം മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) പഞ്ചായത്ത് ഡയറക്റ്റർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രകാരം കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകൾക്ക് 01/10/2012 മുതൽ 31/3/2014 വരെയും, മറ്റ് ജില്ലകൾക്ക് 01/04/2013 മുതൽ 31/3/2014 വരെയും ബാധ്യതയായ 46,04,94,252/- (നാലാപത്തിയാറ് കോടി നാല് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്) രൂപയിൽ 29,54,88,348/- (ഇരുപത്തിഒൻപത് കോടി അൻപത്തിനാല് ലക്ഷത്തി എൺപത്തിഎണ്ണായിരത്തി മുന്നൂറ്റി നാല്പത്തിഎട്ട്) രൂപ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് 31/03/2014 വരെ ബാദ്ധ്യതയായ 3,63,78,402 (മൂന്നു കോടി അറുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി നാനൂറ്റി രണ്ട്) രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 31/3/2014 വരെ ബാധ്യതയായ 3,56,91,386 (മൂന്നുകോടി അൻപത്തി ആറ് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മൂന്നൂറ്റി എൺപത്തി ആറ് രൂപ മാത്രം) രൂപയും മാറി നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കാൻ ഗ്രാമവികസന

കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

4) നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രകാരം കോർപ്പറേഷൻ/ നഗരസഭാ തലത്തിൽ 31/3/2014 വരെ ബാധ്യതയായ 3,24,41,864/- (മൂന്ന് കോടി ഇരുപത്തിനാല് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി എണ്ണൂറ്റി അറുപത്തി നാല്) രൂപ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

5) 31/3/2015 വരെയുള്ള പലിശ സംബന്ധിച്ച പ്രൊപ്പോസൽ 15/4/2015-ന് മുമ്പായി സർക്കാരിൽ ലഭ്യമാക്കാൻ നിർദ്ദേശിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ.പി.എം. മുഹമ്മദ് ഹനീഷ്
സെക്രട്ടറി
നഗരകാര്യ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ധനകാര്യ ബജറ്റ് വിംഗ് (ഇ) വകുപ്പ്
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഗ്രാമവികസന - ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി (ഡി.എ/ഡി.ബി) യുടെ സി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്